LIBRARY ARCHIVES Kerala Legislative Assembly

കാരുണ്യ മെഡിക്കൽ സ്റ്റോറുകൾ

33 (740) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം ജില്ലകളിലാണ് കാരുണ്യ മെഡിക്കൽ സ്റ്റോറുകൾ നിലവിലില്ലാത്തതെന്ന വ്യക്തമാക്കുമോ ;

(ബി) ഈ ജില്ലകളിൽ പ്രസ്തുത മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഏറ്റവും കൂടുതൽ ആദിവാസി വിഭാഗങ്ങൾ താമസിക്കുന്ന വയനാട് ജില്ലയിൽ കാരുണ്യ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) നിലവിൽ ഇടുക്കി, കാസർഗോഡ് എന്നീ ജില്ലകളിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇതിൽ കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലും, കാസർഗോഡ് ജനറൽ ആശുപത്രിയിലും കാരുണ്യ ഫാർമസികളുടെ പണി പൂർത്തിയായിക്കഴിഞ്ഞു. ഇവയുടെ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുന്നതാണ്. ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കാശുപത്രിയിൽ സ്ഥലം അനുവദിക്കാത്തതിനാൽ കാരുണ്യ ഫാർമസി ആരംഭിച്ചിട്ടില്ല.

(സി) വയനാട് ജില്ലയിൽ മാനന്തവാടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ കാരുണ്യ ഫാർമസിയുടെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. സുൽത്താൻ ബത്തേരി ജില്ലാ ആശുപത്രിയിൽ കാരുണ്യ ഫാർമസിയുടെ പണി പൂർത്തിയായിക്കഴിഞ്ഞു. ഉടൻതന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

സർക്കാർ ആശുപത്രികളിലെ ഫീസ്

34 (741) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിൽ വിവിധ പരിശോധനകൾക്ക് ഫീസ് നിരക്ക് വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വർദ്ധിപ്പിച്ച ഫീസ് കറയ്ക്കുന്നതിനോ ഒഴിവാക്കുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വികരിക്കുമോ ;

(സി) സർക്കാർ ആശുപത്രികളിലെ വിവിധ പരിശോധനകൾ സൗജന്യ മാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ആസ്തി വികസന ഫണ്ടിൽ മാവേലിക്കര ജില്ലാ ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. 23-9-2014-ലെ സ.ഉ.(അച്ചടി) 409/14/ധന ഉത്തരവ് പ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസുകളും ചാർജ്ജുകളും ഒഴികെ, മറ്റു വകുപ്പുകളിൽ നികുതിയേതര വരുമാനം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ 20-10-2014-ലെ സ.ഉ(കൈ) നമ്പർ 305/2014/ആകവ. നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത വർദ്ധനവിൽ നിന്നും ആരോഗ്യം, ആരോഗ്യ വിദ്യാഭ്യാസം, ഭാരതീയ ചികിത്സ, ഹോമിയോപ്പതി എന്നീ വകുപ്പുകളെ ഒഴിവാക്കിയിട്ടുണ്ട്.

(സി) 30-5-2014-ലെ സ.ഉ(എംഎസ്.) നമ്പർ 159/2014/ആകവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ആയുർവ്വേദ കോളേജുകളുടെ കീഴിൽ വരുന്ന ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന 500 രൂപയിൽ താഴെ മാസവരുമാനമുള്ള മുഴുവൻ രോഗികൾക്കും സൗജന്യ ചികിത്സ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ സർക്കാർ ആശുപത്രികളിൽ വിവിധ പരിശോധനകൾ സൗജന്യമാക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 67 ലക്ഷം രൂപ ചിലവിൽ ഡോർമിറ്ററി കെട്ടിടവും ക്യാന്റീനും നിർമ്മിക്കുന്നതിന് 12-8-2014-ലെ ജി.ഒ.(ആർ.ടി.) നമ്പർ 2745/2014/ആകവ എന്ന ഉത്തരവ് പ്രകാരം അനുമതി നല്കിയിട്ടുണ്ട്. ടി നിർമ്മാണ പ്രവൃത്തി പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly